**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3182</u>** **<u>13-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സ്കൂൾ പ്രവേശനത്തിനായി സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിൽ അപേക്ഷകൾ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകിയാൽ മതിയെന്ന സർക്കാർ ഉത്തരവ് സ്കൂളുകളിൽ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കാമോ; | (എ) | സർക്കാർ ഓഫീസുകളിൽ അപേക്ഷ കൾ സമർപ്പിക്കുമ്പോൾ സർട്ടിഫി ക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകിയാൽ മതിയെന്ന സർക്കാർ ഉത്തരവ് സ്കൂളുകളിൽ പാലിക്കുന്നുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പാക്കുന്നുണ്ട്. |
| (ബി) | സ്കൂൾ പ്രവേശനത്തിനായി സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രൈമറി, സെക്കന്ററി സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ്, ആധാർ, ററി സി എന്നി വയുടെ ഒറിജിനൽ രേഖ ഹാജരാക്കു ന്നതിനോടൊപ്പം ഒരു പകർപ്പ് കൂടി നൽകിയാൽ പ്രധാനാദ്ധ്യാപകൻ തന്നെ അത് പരിശോധിക്കുന്നതാണ്. സാക്ഷ്യ പ്പെടുത്തിയ പകർപ്പ് നൽകേണ്ടതില്ല.<br><br>ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനത്തിന്റെ ഘട്ടത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകളാണ് സമർപ്പിക്കേണ്ടത്. സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ട ഘട്ട ങ്ങളിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ മതിയാകുന്നതാണ്. |
| (സി) | അഡ്മിഷനായി എത്തുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് പകർപ്പുകളുടെ അഭാവത്തിൽ അഡ്മിഷൻ നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | അഡ്മിഷനായി എത്തുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് പകർപ്പുകളുടെ അഭാവത്തിൽ അഡ്മിഷൻ തടസ്സപ്പെടുന്ന സാഹചര്യം നിലവിലില്ല. |
| (ഡി) | ഭൂരിഭാഗം വിദ്യാർത്ഥികളും ഒരുമിച്ച് അപേക്ഷിക്കുന്ന തിരക്കുകൾ ഓഫീസുകളിൽ സംജാതമാകുന്ന അവസ്ഥ കണക്കിലെടുത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അനുമതി നൽകിക്കൊണ്ട് കുട്ടികൾക്ക് താൽക്കാലിക അഡ്മിഷൻ | (ഡി) | പ്രൈമറി, സെക്കന്ററി സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ്, ആധാർ, ററി സി എന്നിവയുടെ ഒറിജിനൽ രേഖ ഹാജരാക്കുന്നതിനോടൊപ്പം ഒരു പകർപ്പ് കൂടി നൽകിയാൽ പ്രധാനാദ്ധ്യാപകൻ തന്നെ അത് പരിശോധിക്കുന്നതാണ്. സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേ ണ്ടതില്ല. |

| | | | |
|---|---|---|---|
| | നൽകുന്നതിന് നടപടി സ്വീകരിക്കാമോ എന്ന് അറിയിക്കാമോ? | | ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഏകജാലക സംവിധാനത്തിലൂടെയാണ് അഡ്മിഷൻ എന്നതിനാൽ നിശ്ചിത തീയതിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നേടിയില്ലെങ്കിൽ അടുത്ത ഘട്ട അലോട്ട്മെന്റുകളെ അത് ബാധിക്കുന്നതായിരിക്കും. താൽക്കാലിക അഡ്മിഷൻ നൽകപ്പെടുന്ന വിദ്യാർത്ഥി കൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിക്കാത്ത സാഹചര്യം വന്നാൽ പ്രവേശനം റദ്ദു ചെയ്യപ്പെടുന്ന സാഹചര്യം പരിഗണിച്ച് പ്രവേശനത്തിന്റെ അന്തിമ ഘട്ടത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ അനിവാര്യമാണ്. |

സെക്ഷൻ ഓഫീസർ